(ബി) ഇല്ലെങ്കിൽ അത്തരം ഒരു ചർച്ചയുടെ പ്രാധാന്യം പരിഹരിക്കാതിരിക്കാൻ, ഗവണ്മെൻറിനെ പ്രേരിപ്പിച്ച പ്രശ്നങ്ങൾ എന്താണ്;

(സി) രണ്ടാം പഞ്ചവത്സരപദ്ധതി സംബന്ധിച്ച് ഇവിടത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുമായി ഇനിയും ഒരു ചർച്ച നടത്തുവാൻ ഗവണ്മെൻറ് സന്നദ്ധമാകുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) & (ബി) സ്റ്റേറ്റ് പ്ലാനിംഗ് അഡ്വൈസറി ബോർഡിൽ മുഖ്യ രാഷ്ട്രീയപാർട്ടികൾക്ക് പ്രാതിനിധ്യം ഉള്ളതുകൊണ്ട് പ്രത്യേക ചർച്ചകൾ ആവശ്യമാണെന്ന കരുതിയില്ല.

(സി) പദ്ധതികൾ പ്ലാനിംഗ് കമ്മീഷനു് അയച്ചുകഴിഞ്ഞ നിലയ്ക്ക് ഇത്തരം ഒരു ചർച്ചകൊണ്ട് പ്രായോഗികപ്രയോജനം ഉണ്ടാകാൻ ഇടയില്ല.

അദ്ധ്യാപകന്മാരുടെ സ്ഥലംമാറ്റഅപേക്ഷകൾ.

* 285. [50] ശ്രീ. പി. എം. മാക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്ങളുടെ സ്വദേശത്തേയ്ക്കു സ്ഥലംമാറ്റം കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ആകെ എത്ര പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ അപേക്ഷകൾ ഈ വർഷത്തിൽ കിട്ടിയിട്ടുണ്ട്;

(ബി) അവരിൽ എത്ര പേർക്ക് സ്ഥലംമാറ്റം അനുവദിച്ചു;

(സി) ബാക്കിയുള്ളവരുടെ അപേക്ഷ നിരസിക്കുവാനുള്ള കാരണമെന്താണു്;

(ഡി) ഭാര്യയും ഭർത്താവും അദ്ധ്യാപകരെങ്കിൽ അവർക്കിരുവർക്കും ഒരേ താലൂക്കിൽ ജോലി കിട്ടണമെന്ന ആവശ്യപ്പെട്ടാലുള്ള ഗവണ്മെൻറ് നയം എന്താണു്;

(ഇ) അങ്ങനെ ആരുടെയെങ്കിലും അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ് എന്തു നടപടികളെടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 4892.
(ബി) 2704.
(സി) വേക്കൻസി ഇല്ലാത്തതിനാൽ.
(ഡി) നിവൃത്തിയുണ്ടെങ്കിൽ അവരുടെ അപേക്ഷ അനുവദിക്കും.
(ഇ) ഉണ്ടു്.
(എഫ്) നിവൃത്തിയുള്ളിടത്തോളം സ്ഥലംമാറ്റം കൊടുത്തിട്ടുണ്ട്.

പ്ലാന്റേഷൻ ലേബർ ആക്റ്റ്.

* 286. [51] ശ്രീ. പ്രാക്കുളം ഭാസി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ ലേബർ ആക്റ്റ് 1954 ഏപ്രിൽ ഒന്നാം തീയതി മുതൽ ഉദ്ദേശിത്തിൽ വന്നു എന്നു ഗവണ്മെൻറ് പ്രഖ്യാപിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടെങ്കിലും ഇതുവരെയായിട്ടും ആക്റ്റ് അനുസരിച്ചു റൂൾസുകൾ ഉണ്ടാക്കുകയോ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയോ ചെയ്യാതിരുന്നതു് എന്താണു്;

(ബി) 1951-ൽ പാർലമെന്റ് പാസാക്കിയ ഈ നിയമം ഈ സംസ്ഥാനത്തിൽ ഉടനെ ഊർജ്ജിതമായി നടപ്പിൽ വരുത്തുന്നതിനു് ഉടനടി വേണ്ട നടപടികൾ ഗവണ്മെന്റ് എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പ്ലാന്റേഷൻ ലേബർ ആക്റ്റനുസരിച്ചു് നിക്കൽച്ചട്ടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അവ വളരെ വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനു വേണ്ട സത്വരനടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്. നിയമം നടപ്പിൽ വരുത്തുന്നതിനു് ആറ് ലേബർ ആഫീസറന്മാരെ കൂടുതലായി നിയമിച്ചിട്ടുണ്ടു്

(ബി) നിയമം നടപ്പിൽ വരുത്തുവാൻ ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്.

പ്ലാന്റേഷൻ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ

* 287. (52) ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) എത്ര കാലത്തേയ്ക്കാണു് പ്ലാന്റേഷൻ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനെ നിയമിച്ചിരിക്കുന്നതു്;

(ബി) ഇഷ്യൂസ് എല്ലാം ട്രിബ്യൂണലിലേയ്ക്കു റഫർ ചെയ്തുകഴിഞ്ഞോ;

(സി) പുതിയതായി ഉണ്ടായിരിക്കുന്ന ഇഷ്യൂസ് റഫർ ചെയ്യാൻ യൂണിയനുകൾ ആവശ്യപ്പെട്ടാൽ ഗവണ്മെന്റ് റഫർ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മൂന്നു മാസത്തേയ്ക്കാണു് ആദ്യം പ്ലാന്റേഷൻ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനെ നിയമിച്ചതു്. എന്നാൽ ആ ആക്ടിനെ ഭേദഗതി വരുത്തിക്കൊണ്ടിരിക്കുകയാണു്. അനന്തരനടപടിയെപ്പറ്റി ഗവണ്മെന്റ് പഠിച്ചുകൊണ്ടിരിക്കുന്നു.

(ബി) മിക്കവാറും എല്ലാ പ്രധാന ഇഷ്യൂസും റഫർ ചെയ്തിട്ടുണ്ടു്.

(സി) റഫർ ചെയ്യാത്ത ഇഷ്യൂസ് ആണെന്നു ഗവണ്മെന്റിനു ബോദ്ധ്യപ്പെടുന്നതു് റഫർ ചെയ്യും.

മാതൃകാവില്ലേജ്

* 288. [55] ശ്രീ സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

പഞ്ചവത്സരപദ്ധതിയിൽ ഒരു മാതൃകാവില്ലേജ് വടക്കാഞ്ചേരി പഞ്ചായത്തിലെ ഏതെങ്കിലും ഒരു വില്ലേജിനെ ഏർപ്പെടുത്താൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly